## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി വി IAS)

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - അന്താരാഷ്ട്ര വനിതാ ദിനം 2022 - ജില്ലാതലത്തിൽ വാരാചരണ പരിപാടികൾ ഓൺലൈനായി സംഘടിപ്പിക്കുന്നത് -തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- 1. സ ഉ ( സാധാ) നം.55/2021/WCDD, തിയതി, 07/10/2021
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 20/01/2022 തിയതിയിലെ WEC1/2226/2022 നമ്പറായുള്ള സർക്കുലർ

## ഉത്തരവ് നമ്പർ. WEC1/2226/2022 തിയതി, 22/01/2022

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 വർഷത്തെ ദേശീയ ബാലികാദിനവും അന്താരാഷ്ട്ര വനിതാദിനവും കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ദേശീയ ബാലികാദിനമായ 2022 ജനുവരി 24 ന് ഓൺലൈൻ പരിപാടികൾ ആരംഭിച്ച് അന്താരാഷ്ട്ര വനിതാദിനമായ 2022 മാർച്ച് 8 ന് അവസാനിക്കുന്ന തരത്തിൽ 6 ആഴ്ചക്കാലത്തെ ഓൺലൈൻ വാരാചരണ പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിന് പരാമർശം 2 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി തുക അനുവദിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

പരാമർശം 2 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള വനിതാദിനാചരണ പരിപാടികൾ ഓൺലൈനായി സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും 25,000/- രൂപാ വീതം 14 ജില്ലകൾക്കായി ആകെ 3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) ചുവടെ പറയുന്ന പട്ടിക പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 25,000/- |
| 2 | കൊല്ലം | 25,000/- |
| 3 | പത്തനംതിട്ട | 25,000/- |
| 4 | ആലപ്പുഴ | 25,000/- |
| 5 | കോട്ടയം | 25,000/- |
| 6 | ഇടുക്കി | 25,000/- |
| 7 | എറണാകുളം | 25,000/- |
| 8 | തൃശ്ശൂർ | 25,000/- |
| 9 | പാലക്കാട് | 25,000/- |
| 10 | മലപ്പുറം | 25,000/- |
| 11 | കോഴിക്കോട് | 25,000/- |
| 12 | വയനാട് | 25,000/- |
| 13 | കണ്ണൂർ | 25,000/- |
| 14 | കാസർഗോഡ് | 25,000/- |
| | ആകെ | 3,50,000/ |

ഇതിലേക്കാവശ്യമായ 3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ " 2235-02-103-59-00-34-03 (p) " ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. വനിതാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ 2022 മാർച്ച് 31 ന് മുൻപായി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട് എ സെക്ഷൻ ( അലോട്ട്മെന്റ് നൽകുന്നതിനായി)
2. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്